"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കോഴിക്കോട് കരുണ ബധിര-മൂക ഹയർ സെക്കന്ററി സ്കൂൾ കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ്

സ.ഉ.(സാധാ) നം.10215/2025/GEDN തീയതി,തിരുവനന്തപുരം, 12-12-2025

പരാമർശം:-

1. 17.06.2014-ലെ സ.ഉ (കൈ)നം. 108/2014/പൊ.വി.വ.
2. 14.08.2007-ലെ സ.ഉ (പി)നം.154/07/പൊ.വി.വ
3. 07.08.2010-ലെ സ.ഉ (കൈ)നം.161/2010/പൊ.വി.വ
4. പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി) ഡയറക്ടറുടെ 15.06.2013-ലെ എസിഡിസി1/42129/2012/എച്ച്.എസ്.സി നമ്പർ സർക്കുലർ.
5. കരുണ ബധിര-മൂക ഹയർ സെക്കന്ററി സ്കൂൾ കോർപ്പറേറ്റ് മാനേജർ സർക്കാരിൽ സമർപ്പിച്ച 24.02.2025-ലെ റിവിഷൻ ഹർജി.
6. പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി) ഡയറക്ടറുടെ 17.06.2025-ലെ എച്ച്എസ്ഇ/13277/2024-എസിഡി സി5 നമ്പർ റിപ്പോർട്ട്
7. കോഴിക്കോട് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ 09.06.2025 ലെ RDDHSE/KKD/3697/2024-CLK-HG(A5) നമ്പർ റിപ്പോർട്ട്

ഉത്തരവ്

താൽക്കാലിക അധ്യാപകർക്ക് നിയമനാംഗീകാരം നൽകി വേതനം വിതരണം ചെയ്യുന്നതിനുള്ള അനുമതി നല്കണമെന്നാവശ്യപ്പെട്ട് കോഴിക്കോട് കരുണ ബധിര-മൂക ഹയർ സെക്കന്ററി സ്കൂൾ കോർപ്പറേറ്റ് മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി പരിശോധിക്കുന്നതിന്റെ ഭാഗമായി മാനേജരെയും വിദ്യാഭ്യാസ അധികാരികളേയും 13.06.2025-ന് നേരിൽ കേൾക്കുകയുണ്ടായി.

2) മാനേജരുടെ വാദങ്ങൾ ചുവടെ പറയും പ്രകാരമാണ്:-

"കോവിഡിനു ശേഷം റെഗുലറായി 2022-23 അക്കാദമിക വർഷം 04.07.2022-ന് ആണ് ക്ലാസ്സുകൾ ആരംഭിച്ചത്. അന്നേ ദിവസം തന്നെ അധ്യാപകരെ ലഭിക്കത്തക്ക രീതിയിൽ പത്ര പരസ്യം നല്കിയിരുന്നു. ബധിര മൂക വിദ്യാർത്ഥികൾ മാത്രം (ഒന്നാം ക്ലാസ് മുതൽ പ്ലസ് ടു വരെ) പഠിക്കുന്ന

സ്ഥാപനം ആയതുകൊണ്ടും സ്കൂൾ തുറക്കുന്ന ദിവസം തന്നെ അധ്യാപകരുടെ അഭാവം നേരിട്ടാൽ അത് കുട്ടികളെ ബാധിക്കും എന്നതിനാലും, മുൻപ് സ്കൂളിൽ ജോലി ചെയ്തിരുന്ന അധ്യാപകർ അന്നേ ദിവസംതന്നെ ജോലിക്ക് അപേക്ഷിച്ചതിനാലും, 04/07/2022 ന് ഇൻറർവ്യൂ നടത്തി അധ്യാപകരെ നിയമിച്ചു. പത്ര പരസ്യം നല്കിയപ്പോൾ അപേക്ഷ സ്വീകരിക്കാൻ 16/07/2022 വരെ സമയം നല്കിയിരുന്നു. എന്നാൽ 16/07/2022 വരെ ഒരു അപേക്ഷ പോലും ലഭിക്കാത്തതിനാലും 04/07/2022 മുതലുള്ള അധ്യാപകരുടെ സേവനം പരിഗണിച്ചുമാണ് അവരുടെ നിയമനം സ്കൂൾ തുറന്ന അന്നുമുതൽ തന്നെ നല്കിയത്. ഭിന്നശേഷി കുട്ടികളുടെ പഠനകാര്യത്തിൽ കൂടുതൽ ശ്രദ്ധ വേണ്ടതിനാലും അധ്യായന വർഷാരംഭം മുതൽ തന്നെ കുട്ടികൾക്ക് അധ്യാപകരുടെ സേവനം വളരെ അത്യാവശ്യം ആയതിനാലുമാണ് മേൽ പറഞ്ഞപ്രകാരം നിയമനം നടത്തിയത്. ആയതിനാൽ നിയമനം നടത്തിയ അധ്യാപകരോടുള്ള മാനുഷിക പരിഗണന കണക്കിലെടുത്തും കോവിഡിന്റെ പശ്ചാത്തലത്തിലും സാധുകരിച്ച് ഈ അധ്യാപകർക്ക് 18/07/2022 മുതൽ ദിവസവേതനം അനുവദിക്കുന്നതിനാവശ്യമായ ഉത്തരവ് നൽകണം. "

3) കോഴിക്കോട് റീജണൽ ഡെപ്യൂട്ടി ഡയറക്ടറുടേയും പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി വിഭാഗം) ഡയറക്ടറുടേയും റിപ്പോർട്ടുകൾ പ്രകാരം, 2022-23 അധ്യയന വർഷത്തിൽ ഗസ്റ്റ് അധ്യാപക നിയമനത്തിനായി നൽകിയ പത്രപരസ്യത്തിൽ 16.07.2022 വരെ മാനേജർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണെന്ന് അറിയിച്ച ശേഷം 04.07.2022 തീയതിയിൽ ഇന്റർവ്യൂ നടത്തി നിയമനം നടത്തിയതിനാലാണ് ശ്രീമതി സവിത കെ (എച്ച്.എസ്.എസ്.ടി-മാത്തമാറ്റിക്സ്), ശ്രീമതി മെർലിൻ സിറിയക് (എച്ച്.എസ്.എസ്.ടി-കമ്പ്യൂട്ടർ സയൻസ്), ശ്രീമതി അഞ്ജലി.ഇ (എച്ച്.എസ്.എസ്.ടി-ഫിസിക്സ്) ശ്രീമതി ലിറ്റി മാത്യു (എച്ച്.എസ്.എസ്.ടി-കെമിസ്ട്രി), ശ്രീമതി റെമിതാ റോഷിൻ (എച്ച്.എസ്.എസ്.ടി (ജൂനിയർ)-ഇംഗ്ലീഷ്) എന്നിവരുടെ നിയമനാംഗീകാര ശിപാർശകൾ നിരസിച്ചിട്ടുള്ളത്. ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി പത്രപരസ്യം നൽകി 15 ദിവസത്തിന് ശേഷമേ അഭിമുഖം നടത്താവൂ എന്ന് 14.08.2007 തീയതിയിലെ സ.ഉ (പി) നം.. 154/07/പൊ.വി.വ ഉത്തരവ് പ്രകാരവും പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി വിഭാഗം) ഡയറക്ടറുടെ 15.06.2013 തീയതിയിലെ എസിഡിസി1/42129/2012/എച്ച്.എസ്.സി നമ്പർ സർക്കുലർ മുഖേനയും നിർദ്ദേശിച്ചിരുന്നതിനാൽ മാനേജർ സമർപ്പിച്ചിരുന്ന അപ്പീൽ അപേക്ഷ നിരസിക്കുകയുണ്ടായി.

കോട്ടയം ജില്ലയിലെ മൗണ്ട് കാർമ്മൽ ഹയർ സെക്കന്ററി സ്കൂളിൽ എച്ച്.എസ്.എസ്.ടി (കോമേഴ്സ്) തസ്തികയിൽ ശ്രീമതി. ബിഞ്ചുമോൾ ജോസഫിനെ 15.11.2022 തീയതിയിലും, 16.11.2022 തീയതിയിലും പത്രപരസ്യം നൽകി 16.11.2022 തീയതിയിൽ തന്നെ അഭിമുഖം നടത്തി ദിവസവേതനാടിസ്ഥാനത്തതിൽ നിയമിച്ചിരുന്നു. അഭിമുഖത്തിന് 15 ദിവസം മുൻപ് പത്ര പരസ്യം നൽകണമെന്ന 14.08.2007 തീയതിയിലെ സ.ഉ (പി) നം.154/07/പൊ.വി.വ ഉത്തരവും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 15.06.2013 തീയതിയിലെ എസിഡി/സി1/42129/2012/എച്ച്.എസ്.സി നമ്പർ സർക്കുലറും പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കാതെ നിയമനം നടത്തിയതിനാൽ ശ്രീമതി.ബിഞ്ചുമോൾ ജോസഫിന്റെ നിയമനാംഗീകാര ശിപാർശ നിരസിച്ചിരുന്നു. തുടർന്ന് മാനേജർ സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു. എയ്ഡഡ് സ്കൂളിൽ സ്ഥിരം അധ്യാപകർ നിയമിക്കപ്പെടുന്നതുവരെ മുടക്കമില്ലാതെ അധ്യയനം നടക്കുന്നതിനായി അധ്യാപകർ ഉണ്ടെന്നു ഉറപ്പാക്കാനാണ് ദിവസവേതനാടിസ്ഥാനത്തിൽ ഗസ്റ്റ് അധ്യാപകരെ നിയമിക്കാൻ അനുമതി നൽകിയിട്ടുള്ളതെന്നും അടിയന്തിര ഘട്ടത്തിൽ നടത്തുന്ന ഗസ്റ്റ് അധ്യാപക നിയമനത്തിന് സ്ഥിരം

അധ്യാപകരെ നിയമിക്കുന്നതിന് പാലിക്കുന്ന പ്രക്രിയ നിർബന്ധമല്ലെന്നും എന്നാൽ ഇപ്രകാരം നിയമിക്കപ്പെടുന്ന അധ്യാപകർക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതയുണ്ടെന്ന് ബന്ധപ്പെട്ട സ്കൂൾ അധികൃതർ ഉറപ്പാക്കേണ്ടതാണെന്നും 07.08.2010 തീയതിയിലെ സ.ഉ(കൈ)നം.161/2010/പൊ.വി.വ ഉത്തരവിൽ നിഷ്കർഷിക്കുന്നതിനാൽ ശ്രീമതി ബിഞ്ചുമോൾ ജോസഫിന്റെ നിയമനം മറ്റു വിധത്തിൽ യോഗ്യമെങ്കിൽ അംഗീകരിച്ചു നൽകാൻ കോട്ടയം മേഖല ഉപമേധവിയ്ക്ക് 23.04.2025 തീയതിയിലെ സ.ഉ.(സാധാ) നം. 2822/2025/പൊ.വി.വ. പ്രകാരം നിർദ്ദേശം നൽകി സർക്കാർ ഉത്തരവായിരുന്നു.

4) ഹിയറിംഗിൽ ഉയർന്ന വാദഗതികളുടേയും ലഭ്യമായ റിപ്പോർട്ടുകളുടേയും നിലവിലുള്ള ചട്ടങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. 2022-23 അധ്യയന വർഷത്തിൽ ഗസ്റ്റ് അധ്യാപക നിയമനത്തിനായി നൽകിയ പത്രപരസ്യത്തിൽ 16.07.2022 വരെ മാനേജർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണെന്ന് അറിയിച്ച ശേഷം 04.07.2022 തീയതിയിൽ ഇന്റർവ്യൂ നടത്തി നിയമനം നടത്തിയതിനാലാണ് കോഴിക്കോട് കരുണ ബധിര-മൂക ഹയർ സെക്കന്ററി സ്കൂളിലെ അദ്ധ്യാപകരുടെ നിയമനാംഗീകാര ശിപാർശകൾ നിരസിച്ചിട്ടുള്ളത്. സമാനമായ രീതിയിൽ കോട്ടയം ജില്ലയിലെ മൗണ്ട് കാർമ്മൽ ഹയർ സെക്കന്ററി സ്കൂളിൽ എച്ച്.എസ്.എസ്.ടി (കോമേഴ്സ്) തസ്തികയിൽ നടത്തിയ നിയമനം മറ്റു വിധത്തിൽ യോഗ്യമെങ്കിൽ അംഗീകരിച്ചു നൽകുന്നതിന് കോട്ടയം മേഖല ഉപമേധവിയ്ക്ക് 23.04.2025-ലെ സ.ഉ. (സാധാ) നം.2822/2025/പൊ.വി.വ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതായി പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എയ്ഡഡ് സ്കൂളിൽ സ്ഥിരം അധ്യാപകർ നിയമിക്കപ്പെടുന്നതുവരെ മുടക്കമില്ലാതെ അധ്യയനം നടക്കുന്നതിനായി അധ്യാപകർ ഉണ്ടെന്നു ഉറപ്പാക്കാനാണ് ദിവസവേതന അടിസ്ഥാനത്തിൽ ഗസ്റ്റ് അധ്യാപകരെ നിയമിക്കാൻ അനുമതി നൽകിയിട്ടുള്ളതെന്നും അടിയന്തിര ഘട്ടത്തിൽ നടത്തുന്ന ഗസ്റ്റ് അധ്യാപക നിയമനത്തിന് സ്ഥിരം അധ്യാപകരെ നിയമിക്കുന്നതിന് പാലിക്കുന്ന പ്രക്രിയ നിർബന്ധമല്ലെന്നും എന്നാൽ ഇപ്രകാരം നിയമിക്കപ്പെടുന്ന അധ്യാപകർക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതയുണ്ടെന്ന് ബന്ധപ്പെട്ട സ്കൂൾ അധികൃതർ ഉറപ്പാക്കേണ്ടതാണെന്നും 07.08.2010 തീയതിയിലെ സ.ഉ(കൈ)നം.161/2010/പൊ.വി.വ ഉത്തരവിൽ നിഷ്കർഷിക്കുന്നതിനാലാണ് നിയമനം അംഗീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളത്.

5) മേൽ സാഹചര്യത്തിൽ പരാമർശം (2), (3), (4) എന്നിവ പ്രകാരമുള്ള നിബന്ധനകൾ പാലിച്ച് മാത്രമേ മേലിൽ നിയമനം നടത്താവൂ എന്ന നിബന്ധനയോടെ, മറ്റെല്ലാ വിധത്തിലും ക്രമപ്രകാരമെങ്കിൽ, കോഴിക്കോട് കരുണ ബധിര-മൂക ഹയർ സെക്കന്ററി സ്കൂളിലെ ശ്രീമതി സവിത കെ. (എച്ച്.എസ്.എസ്.ടി-മാത്തമാറ്റിക്സ്), ശ്രീമതി മെർലിൻ സിറിയക് (എച്ച്.എസ്.എസ്.ടി-കമ്പ്യൂട്ടർ സയൻസ്), ശ്രീമതി അഞ്ജലി ഇ. (എച്ച്.എസ്.എസ്.ടി-ഫിസിക്സ്), ശ്രീമതി ലിട്ടി മാത്യു (എച്ച്.എസ്.എസ്.ടി-കെമിസ്ട്രി), ശ്രീമതി റെമിതാ റോഷിൻ (എച്ച്.എസ്.എസ്.ടി (ജൂനിയർ)-ഇംഗ്ലീഷ്) എന്നിവരുടെ ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം 18.07.2022 മുതൽ അംഗീകരിച്ച് നല്കുന്നതിന് കോഴിക്കോട് മേഖലാ ഉപമേധാവിയ്ക്ക് നിർദ്ദേശം നൽകി അപ്രകാരം കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ANIL KUMAR D

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ (ഹയർ സെക്കന്ററി) ഡയറക്ടർ, തിരുവനന്തപുരം.

മേഖലാ ഉപമേധാവി, കോഴിക്കോട്.

കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി ഓഫ് ദ സൊസൈറ്റി ഓഫ് ദ ഡോട്ടേഴ്സ് ഓഫ് ഔവർ ലേഡി ഓഫ് മേഴ്സി, പൂമല, കോഴിക്കോട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

നോഡൽ ഓഫീസർ, കൈറ്റ്, കേരള, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Somaraj K G
Date: 12-12-2025 16:43:54

സെക്ഷൻ ഓഫീസർ